ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
0471 2561307

നടപടിക്രമം

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - തിരുവനന്തപുരം ജില്ലാ പി.എസ്.സി നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥിയെ 26500-60700 വേതന നിരക്കിലുള്ള ക്ലർക്ക് തസ്തികയിൽ താൽക്കാലികമായി നിയമിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

ജീവനക്കാര്യം (ഡി) വിഭാഗം

നം. DTETVM/6013/2026-ED1 (ED) **തീയതി: 25-11-2026**

വായന:- 1) 09.11.2026 ലെ ജില്ലാ പി.എസ്.സി ഓഫീസറുടെ DTB1/1/2024-KPSC- DOTVM (02) നമ്പർ നിയമന ശിപാർശ

2) 05.03.1974 ലെ സ.ഉ (പി) നം.49/74/പി.ഡി നമ്പർ സർക്കാർ ഉത്തരവ്

3) 29.03.1990 സർക്കാർ സർക്കുലർ മെമ്മോറാണ്ടം 3737/റൂൾസ്/1/90/പി&എആർഡി

4) 15.02.1991 ലെ സ.ഉ (പി) നം.7/91/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്

5) 06.06.2011-ലെ സ.ഉ (പി) നം.15/2011/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്.

6) 30.06.2011 ലെ സ.ഉ (പി) നം. 20/2011/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്.

7) 07.01.2013-ലെ സ.ഉ (പി) നം.20/2013/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്

8) 03.04.2013-ലെ സ.ഉ (പി) നം.149/2013 നമ്പർ സർക്കാർ ഉത്തരവ്

9) 15.11.2016-ലെ സ.ഉ (പി) നം.171/2016/ധന നമ്പർ സർക്കാർ ഉത്തരവ്

10) 17.08.2021-ലെ സ.ഉ (പി) നം.118/2021/ധന നമ്പർ സർക്കാർ ഉത്തരവ്

11) 05.11.2024-ലെ സ.ഉ (പി) നം. 77/2024/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

വായന (1) നിയമന ശിപാർശ പ്രകാരം, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ക്ലർക്ക് തസ്തികയിൽ തിരുവനന്തപുരം ജില്ലാ തല നിയമനമായി തിരുവനന്തപുരം ജില്ലാ പബ്ലിക് സർവീസ് കമ്മീഷൻ നിയമന ശിപാർശ ചെയ്തിരിക്കുന്ന ചുവടെ ചേർക്കുന്ന ഉദ്യോഗാർത്ഥിയെ 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ, പൊതു ചട്ടം 3(സി), 9 (എ) (1), 10 (ബി) എന്നിവയ്ക്ക് വിധേയമായി ഈ വകുപ്പിലെ ₹.26500-60700 വേതന നിരക്കിലുള്ള ക്ലർക്ക് തസ്തികയിൽ താൽക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

2) വായന (2) സർക്കാർ ഉത്തരവ് പ്രകാരം, ഉദ്യോഗാർത്ഥിയുടെ സ്വഭാവവും, പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം ടി താൽക്കാലിക നിയമനം അറിയിപ്പ് കൂടാതെ

റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. സ്വഭാവവും, പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് പരിശോധനയിൽ തെളിയുന്ന മുറയ്ക്ക് മാത്രമേ ടി താൽക്കാലിക നിയമനം ക്രമീകരിക്കുന്നതിന് ഉദ്യോഗാർത്ഥി അർഹത നേടുകയുള്ളൂ.

3) നിയമനം സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേരും, മേൽവിലാസവും	താൽക്കാലിക നിയമനം അനുവദിക്കുന്ന സ്ഥാപനം	ടേൺ
1)	ARUNKUMAR V S PULIYAKKAL VEEDU KEEZHAMMAKOM CHENKAL P.O NEYYAATTINKARA THIRUVANANTHAPURAM - 695132	സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം, കൈമനം, തിരുവനന്തപുരം	LPE

4) ഉദ്യോഗാർത്ഥി വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി/ സമുദായം (ബാധകമെങ്കിൽ) എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ,കേരള സർവീസ് ചട്ടം ഭാഗം 1 ചട്ടം13 ൽ നിഷ്കർഷിക്കുന്ന പ്രകാരം അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ തങ്ങളുടെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ, ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ബന്ധപ്പെട്ട സ്ഥാപന മേധാവി മുൻപാകെ **ഈ ഉത്തരവ് തീയതി പ്രാബല്യത്തിൽ 20 ദിവസത്തിനുള്ളിൽ** ജോലിക്ക് ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പും കൂടാതെ ഈ നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

5) ഒഴിവില്ലാത്ത കാരണത്താൽ ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്ന പക്ഷം ടി ഉദ്യോഗാർത്ഥിയെ നിയമന ശിപാർശ ചെയ്ത തിരുവനന്തപുരം ജില്ലാ പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ പുനർ നിയമനത്തിനായി പേര് റീ രജിസ്റ്റർ ചെയ്യാവുന്നതോ, അല്ലാത്തപക്ഷം ഈ വകുപ്പിൽ ഒഴിവ് വരുന്നതുവരെ പുനർ നിയമനത്തിനായി ഏത് തസ്തികയിൽ നിന്നാണോ വിടുതൽ ചെയ്യപ്പെട്ടത് ആ തസ്തികയിൽ നിരീക്ഷണാർത്ഥിയായി തുടരാവുന്നതോ ആണ്.

6) സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിന് ശേഷം ലഭിക്കുന്ന ജനന തീയതി തിരുത്തുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

7) ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി / സമുദായം (ബാധകമെങ്കിൽ), ഫോട്ടോ, ഒപ്പ് എന്നിവ ഈ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കേരള പബ്ലിക് സർവീസ് കമ്മീഷന്റെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ അസ്സലുമായി പരിശോധിച്ച് ബോധ്യപ്പെട്ടതായി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

8) ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി അവരിൽ നിന്നും വായന (11) സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വഭാവവും, പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിന് (പോലീസ് വെരിഫിക്കേഷൻ) ആവശ്യമായ സാക്ഷ്യപത്ര ഫാറം യഥാവിധി പൂരിപ്പിച്ച് സ്ഥാപന മേധാവി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്

9)ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത്, കേരള പി.എസ്.സി യിൽ നിന്നും ലഭിച്ചിട്ടുള്ള അസ്സൽ വൺടൈം വേരിഫിക്കേഷൻ/ഐഡിന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് സ്ഥാപനമേധാവി പരിശോധിച്ച് ഉദ്യോഗാർത്ഥിയുടെ ഫോട്ടോയും ഒപ്പും ശരിയെന്ന് ബോധ്യപ്പെട്ടതായി സാക്ഷ്യപ്പെടുത്തേണ്ടതും, പേഴ്സണൽ മെമ്മോറാണ്ടം സർവീസ്

ഡീറ്റെയിൽസ് എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രൊഫോർമ, നിയമന ശിപാർശ കത്തിന്റെയും, നിയമന ഉത്തരവിന്റെയും പകർപ്പുകൾ എന്നിവ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി കാര്യാലയത്തിൽ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

10) വായന (7) & (8) സർക്കാർ ഉത്തരവുകളിലെ സേവന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും ടി ഉദ്യോഗാർത്ഥിയുടെ നിയമനം

11) വായന (9) സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ഉദ്യോഗാർത്ഥിയുടെ പേരിലുള്ള സ്ഥാവര വസ്തുക്കളെ കുറിച്ചുള്ള വിവരം നിശ്ചിത പ്രോഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും ആയത് സേവന പുസ്തകത്തിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്

12) ഉദ്യോഗാർത്ഥി ഹാജരാക്കുന്ന വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി / സമുദായം (ബാധകമെങ്കിൽ) എന്നിവ തെളിയിക്കുന്ന രേഖകൾ, അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ തന്റെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ, ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ, പി.എസ്.സി ഉദ്യോഗാർത്ഥിക്ക് നൽകുന്ന നിയമന ശിപാർശ എന്നിവയുടെ അസ്സലുകൾ പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ.

Digitally signed by
SUMESH KUMAR C
Date: 25-11-2026
17:06:30

SUMESH KUMAR.C
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്,

. 1) ARUNKUMAR VS
PULIYAKKAL VEEDU
KEEZHAMMAKOM
CHENKAL P.O
NEYYAATTINKARA
THIRUVANANTHAPURAM
695132

പകർപ്പ് : -

1) സി.എ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

2) ജോയിന്റ് കൺട്രോളർ, സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം
(വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് (PCN 140078223), അസ്സൽ, നിയമന ശിപാർശയുടെ പകർപ്പ് എന്നിവകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു)
3) ഡി.ടി.ഇ ഐ.റ്റി.ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
4) ഇ - ഓഫീസ് കരുതൽ ഫയൽ